(ബി) റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നിയമനം നടത്തേണ്ട തസ്തികകളുടെ റേഷ്യോ നിശ്ചയിക്കുന്നത് ഏത് മാനദണ്ഡപ്രകാരമാണ്?

സംഘം/ബാങ്ക് ജൂനിയർ ക്ലാർക്ക് തസ്തികയിലെ നിയമനം 1:4 എന്ന അനുപാതത്തിലായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സഹകരണ നിയമം, ചട്ടം 185(2) (IV) പ്രകാരം 10 കോടി രൂപയിൽ അധികരിച്ച നിക്ഷേപമുള്ള പ്രാഥമിക സഹകരണ സംഘം/അർബൻ ബാങ്കുകളിലെ അസിസ്റ്റന്റ് സെക്രട്ടറി/ മാനേജർമാരും തത്തുല്യ തസ്തികകളിലെയും ഒഴിവുകൾ സ്ഥാനക്കയറ്റം വഴിയും നേരിട്ടുള്ള നിയമനം വഴിയും നികത്തുന്നത് 3:1 എന്ന റേഷ്യോയിൽ ആയിരിക്കും.

(സി) ബാങ്ക് ഭരണ സമിതികൾക്ക് ഏതൊക്കെ തസ്തികകളിലേയ്ക്കാണ് പരീക്ഷ/ഇന്റർവ്യൂ നടത്തി നേരിട്ട് നിയമിക്കാൻ അനുമതിയുള്ളതെന്ന് വ്യക്തമാക്കാമോ?

സബ്-സ്റ്റാഫ് വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ നേരിട്ട് നിയമിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ബാങ്ക് ഭരണസമിതികളിൽ നിക്ഷിപ്തമാണ്.

ഉദ്യോഗസ്ഥ പാറ്റേൺ പരിഷ്കരണം

268(5427) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ നിലവിലുള്ള ഉദ്യോഗസ്ഥ പാറ്റേൺ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) ഉദ്യോഗസ്ഥ പാറ്റേൺ പരിഷ്കരിക്കാത്തതിനാൽ ഉദ്യോഗസ്ഥരുടെ എണ്ണത്തിലുണ്ടാകുന്ന കുറവുമൂലം സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് പരിശോധന ശരിയായ രീതിയിൽ നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടുത്ത കാലത്ത് സംസ്ഥാനത്ത് സഹകരണ മേഖലയിൽ നടന്ന തട്ടിപ്പുകൾക്ക് കാരണം ശരിയായ രീതിയിൽ ഓഡിറ്റ് നടത്താത്തതുകൊണ്ടാണോ എന്ന് വിശദീകരിക്കുമോ?

(ബി&സി) വിഷയം പരിശോധിക്കുന്നതാണ്.

(ഡി) ഇത്തരം തട്ടിപ്പുകൾ കണ്ടുപിടിക്കുന്നതിന് പ്രസ്തുത മേഖലയിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ച് ഓഡിറ്റിംഗ് വിഭാഗം ശക്തിപ്പെടുത്തുമോ; അറിയിക്കുമോ?

ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly